# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **6156** — 07.11.2016 ലെ മറുപടിക്ക്

### റോഡ് കൈയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ : | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മതിൽ കെട്ടിയും, കെട്ടിടം നിർമ്മിച്ചും റോഡ് കൈയ്യേറുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരം കൈയ്യറ്റക്കാരുടെ മേൽ സ്വീകരിച്ച് വരുന്ന നിയമ നടപടികൾ വിശദീകരിക്കാമോ? | (ബി) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടപ്രകാരവും കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് പ്രകാരവും ഗ്രാമപഞ്ചായത്തുകൾ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.<br>കൊല്ലം ജില്ലയിൽ ഏതാനും പഞ്ചായത്തുകളിൽ റോഡ് കയ്യേറ്റം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ഇത്തരം കയ്യേറ്റക്കാർക്കെതിരെ പ്രാഥമിക നോട്ടീസ്, സ്റ്റോപ്പ് മെമ്മോ എന്നിവ നൽകി ടി നിർമ്മാണ പ്രവർത്തികൾ ബന്ധപ്പെട്ട കക്ഷിയുടെ ചെലവിൽ പൊളിച്ച് നീക്കുകയാണ് ചെയ്തുവരുന്നത്. എന്നാൽ ചില കയ്യേറ്റങ്ങളിൽ കക്ഷികൾ ടി നടപടികൾക്കെതിരായി കോടതിയെ സമീപിക്കുകയും കേസ് നടത്തിവരുകയും ചെയ്യുന്നു.<br>പത്തനംതിട്ട ജില്ലയിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ കെ.പി.ബി.ആർ. ചട്ടപ്രകാരം നോട്ടീസ് നൽകുകയും ചില കേസുകളിൽ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് താലൂക്ക് സർവ്വെയർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.<br>ആലപ്പുഴ ജില്ലയിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ 1994 ലെ പഞ്ചായത്ത് രാജ് ആക്റ്റ് 254-ാം വകുപ്പ് (2)-ാം ഉപവകുപ്പ് 29-ാം ഖണ്ഡ പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (കൈയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ പ്രകാരവുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(തുടർച്ച......2)

കോട്ടയം ജില്ലയിൽ ഭരണങ്ങാനം, കടനാട്, പായിപ്പാട്, പാറത്തോട്, രാമപുരം, ടി.വി.പുരം, ഉഴവൂർ, വാഴപ്പള്ളി, വെള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ റോഡ് കയ്യേറ്റം ശ്രദ്ധയിൽപ്പെടുകയും പായിപ്പാട് പഞ്ചായത്തിന് ഹൈക്കോടതിയിലും വെള്ളൂർ രാമപുരം പഞ്ചായത്തുകൾക്ക് മുൻസിഫ് കോടതികളിലും കേസ് നിലവിലുള്ളതും മറ്റു പഞ്ചായത്തുകൾ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതും നിർമ്മാണം പൊളിച്ചുനീക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

തൃശ്ശൂർ ജില്ലയിൽ 28 ഗ്രാമപഞ്ചായത്തുകൾ കയ്യേറ്റം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് റവന്യൂ അധികാരികളുടെ സഹായത്തോടെ കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി നോട്ടീസ് നൽകുകയും കയ്യേറ്റം ഒഴിപ്പിക്കുകയും എന്നിങ്ങനെ നിയമപരമായി നടപ്പിലാക്കേണ്ട നടപടികൾ വിവിധ കേസുകളിലായി സ്വീകരിച്ചു വരുന്നു.

പാലക്കാട് ജില്ലയിൽ ആനക്കര, എരിമയൂർ, കപ്പൂർ, കോട്ടോപ്പാടം, മാത്തൂർ, പെരിങ്ങോട്ടുകറിശ്ശി, തിരുമിറ്റക്കോട്, വാണിയംകുളം എന്നീ 8 ഗ്രാമപഞ്ചായത്തുകളിൽ കെട്ടിടം കെട്ടിയും റോഡ് നിർമ്മിച്ചും റോഡ് കയ്യേറുന്നതായി ശ്രദ്ധയിൽപ്പെടുകയും ഇത്തരം കയ്യേറ്റങ്ങളുടെ കൃത്യത റവന്യൂ അധികൃതരുടെയും സർവ്വെയർമാരുടെയും സഹായത്തോടെ ക്ലിപ്തപ്പെടുത്തി നിയമാനുസൃതം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാൽ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിൽ ആയത് സംബന്ധിച്ച് ബഹു.ഹൈക്കോടതി മുമ്പാകെ ഒരു കേസ് നിലവിലുള്ളതാണ്.

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട്, ചേലേമ്പ്ര. വാഴയൂർ, തൃക്കലങ്ങോട്, മൂർക്കനാട്, എ.ആർ.നഗർ, എടരിക്കോട്, തലക്കാട്, തിരുനാവായ, തൃപ്രങ്ങോട്, വെട്ടം എന്നീ 11 ഗ്രാമപഞ്ചായത്തുകളിൽ റോഡ് കയ്യേറ്റം ശ്രദ്ധയിൽപ്പെടുകയും കേരള പഞ്ചായത്ത് രാജ് ആക്ട് 235(X) പ്രകാരം ഇത്തരം നിർമ്മാണങ്ങൾ നിർത്തിവയ്ക്കുന്നതിന് നോട്ടീസ് നൽകുകയും തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിൽ റോഡ് കയ്യേറി നിർമ്മിച്ച മതിൽ പൊളിച്ചു നീക്കുകയും വെട്ടം ഗ്രാമപഞ്ചായത്തിൽ ഇതു സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയും ചെയ്യുന്നു.

(തുടർച്ച......3)

കോഴിക്കോട് ജില്ലയിലെ അത്തോളി, കാരശ്ശേരി, കുന്ദമംഗലം, മേപ്പയ്യൂർ, നാദാപുരം, നൊച്ചാട്, പെരുമണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിൽ റോഡ് കയ്യേറ്റം ശ്രദ്ധയിൽപ്പെടുകയും അത്തോളി ഗ്രാമപഞ്ചായത്തിൽ കയ്യേറ്റം പൊളിച്ചുമാറ്റുകയും കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ കയ്യേറ്റം നടന്നതുമായി ബന്ധപ്പെട്ട കേസ് കോടതിയിൽ വിചാരണ നടന്നുകൊണ്ടിരിക്കുകയാണ്. കയ്യേറ്റം നടന്ന മറ്റു ഗ്രാമപഞ്ചായത്തുകൾ എല്ലാംതന്നെ കയ്യേറ്റക്കാർക്കെതിരെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ വെള്ളമുണ്ട, വെങ്ങപ്പള്ളി, എടവക, പുൽപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾ അനധികൃത നിർമ്മാണം നടത്തി റോഡ് കയ്യേറുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിർമ്മാണം നിർത്തിവയ്ക്കുന്നതിന് നോട്ടീസ് നൽകുകയും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

കാസറഗോഡ്, അജാനൂർ, ചെമ്മനാട്, ചെങ്കള, കള്ളാർ എന്നീ ഗ്രാമപഞ്ചായത്തുകൾ റോഡ് കയ്യേറിയുള്ള അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാൻ നോട്ടീസ് നൽകുകയും കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് ഇത്തരം നിർമ്മാണങ്ങൾ പൊളിച്ചു മാറ്റിയിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ